**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3829** **09-10-2025 - ൽ മറുപടിയ്ക്ക്**

**ഉദുമ നിയോജക മണ്ഡലത്തിലെ സാമൂഹ്യ നീതി വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഉദുമ നിയോജക മണ്ഡലത്തിൽ സാമൂഹ്യനീതി വകുപ്പിന് കീഴിൽ ഏതൊക്കെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു എന്ന് വ്യക്തമാക്കാമോ; | (എ) | ഉദുമനിയോജക മണ്ഡലത്തിൽ സാമൂഹ്യനീതിവകുപ്പിന് കീഴിൽ എൻഡോസൾഫാൻ ദുരിതബാധിതരുടെ സമഗ്രപുനരധിവാസത്തിനായി സഹജീവനം സ്നേഹഗ്രാമം എന്ന പേരിൽ എൻഡോസൾഫാൻ റീഹാബിലിറ്റേഷൻ വില്ലേജ് പ്രവർത്തിച്ചുവരുന്നു. മുളിയാർ ഗ്രാമപഞ്ചായത്തിലെ മുതലപ്പാറ എന്ന സ്ഥലത്ത് പ്രവർത്തിക്കുന്ന പ്രസ്തുത സ്ഥാപനത്തിന്റെ ഒന്നാംഘട്ട പ്രവർത്തനങ്ങളാണ് ആരംഭിച്ചിട്ടുള്ളത്. നിലവിൽ ദുരിതബാധിതർക്ക് ഫിസിയോതെറാപ്പി, സ്പീച്ച്തെറാപ്പി, സൈക്കോതെറാപ്പി, ഡവലപ്പ്മെന്റൽതെറാപ്പി, സ്പെഷ്യൽ എഡ്യൂക്കേഷൻ എന്നീ സേവനങ്ങൾ ഇവിടെ സൗജന്യമായി നൽകിവരുന്നു.<br><br>കേരള സാമൂഹ്യ സുരക്ഷ മിഷൻ (കെ.എസ്.എസ്.എം) മുഖേന എൻഡോസൾഫാൻ ദുരിതബാധിതർക്ക് വിവിധ പദ്ധതികൾ നടപ്പാക്കുന്നു. ഇതിന്റെ ഭാഗമായി ഉദുമ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന മുളിയാർ, പുല്ലൂർ-പെരിയ പഞ്ചായത്തുകളിലെ യഥാക്രമം തണൽ ബഡ്സ് സ്കൂൾ, മഹാത്മാ മോഡൽ ബഡ്സ് സ്കൂൾ എന്നിവയെ മാതൃക ശിശു പുനരധിവാസ കേന്ദ്രങ്ങളാക്കി (MCRC) ഉയർത്തി പ്രവർത്തിച്ചുവരുന്നുണ്ട്. വിവിധ തെറാപ്പികളിലൂടെ കുട്ടികളുടെ മാനസിക ശാരീരിക വികാസം ഉറപ്പാക്കുക എന്നതാണ് ഈ കേന്ദ്രങ്ങളുടെ ലക്ഷ്യം. കെ.എസ്.എസ്.എം മുഖേന ഇതിനാവശ്യമായ തെറാപ്പി ഉപകരണങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഒരുക്കുകയും, പ്രസ്തുത കേന്ദ്രങ്ങളിൽ ജീവനക്കാരെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുള്ള വിവിധ ഫണ്ടുകളുടെ വിശദാംശം നൽകാമോ? | (ബി) | **സാമൂഹ്യനീതി ഡയറക്ടറേറ്റ്-** എൻഡോസൾഫാൻ പുനരധിവാസഗ്രാമത്തിന് അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നവയാണ്. |

| | | | |
|---|---|---|---|
| | | | 2024-25: ഭരണാനുമതി ലഭിച്ച തുക - 72,53,465<br><br>അനുവദിച്ചതുക - 34,66,847<br><br>ചെലവഴിച്ചതുക - 33,32,530<br><br>2024-25 KSSM വഴി അനുവദിച്ച് ചെലവഴിച്ച തുക - 3,34,743<br><br>2025-26 – ഭരണാനുമതി ലഭിച്ച തുക – 1,04,08,954<br><br>ഇത്വരെ അനുവദിച്ച തുക - 44,59,450<br><br>ഇത് വരെ ചെലവഴിച്ച തുക - 32,02,680<br><br>2025-26 - എം.എൽ.എ ഫണ്ടിൽ നിന്നും ഭരണാനുമതി ലഭിച്ച തുക -22,56,500<br><br>**കേരള സാമൂഹ്യ സുരക്ഷാ മിഷൻ (കെ.എസ്.എസ്.എം)** -ഈ സർക്കാരിന്റെ കാലത്ത് MCRC പദ്ധതി പ്രകാരം കാസർഗോഡ് ജില്ലയിലെ 10 പഞ്ചായത്തുകളിലെ ബഡ്സ് സ്കൂളുകളെ MCRC കളായി ഉയർത്തിയിട്ടുണ്ട്. പ്രസ്തുത പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഫണ്ട് സ്നേഹസാന്ത്വനം പദ്ധതി ശീർഷകത്തിൽ നിന്നുമാണ് വിനിയോഗിച്ച് വരുന്നത്. മുളിയാർ MCRC യിലേയ്ക്ക് ഫർണിച്ചർ, സോളാർ പവർ പ്ലാന്റ് എന്നിവയ്ക്കുവേണ്ടി ആകെ 18.12 ലക്ഷം രൂപയും പുല്ലൂർ- പെരിയാർ MCRCലേയ്ക്ക് ഫർണിച്ചറിനുവേണ്ടി 10.40 ലക്ഷം രൂപയും കേരള സാമൂഹ്യസുരക്ഷാമിഷൻ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ 2021-22 സാമ്പത്തിക വർഷം മുതൽ ഇതുവരെ MCRC പ്രവർത്തനങ്ങൾക്ക് വേണ്ടി 6.58 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ